# ചില പ്രാചീന വികാരങ്ങൾ

പി. എഫ്. മാത്യൂസ്



ചില പ്രാചീന വികാരങ്ങൾ
പി. എഫ്. മാത്യൂസ്
(മലയാളം: ചെറുകഥ)

© 2020, P. F. Mathews

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

”The Favorite”—Grandfather and Grandson, a painting by Georgios Jakobides (1853–1932). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# മുമ്പ് പ്രസിദ്ധീകരിച്ചപ്പോൾ വിട്ടുപോയ കുറിപ്പ്

'കാലഹരണപ്പെടുന്ന മനുഷ്യൻ' 1980-ൽ എഴുതിയ ലേഖനത്തിന്റെ തലക്കെട്ട്. മനുഷ്യവംശത്തിന്റെ വർത്തമാനത്തിലും ഭാവിയിലും വലിയ പ്രതീക്ഷകളില്ലാത്ത ഒരു ചെറുപ്പക്കാരന്റെ ആത്മഗതങ്ങൾ അന്ന ജോലി ചെയ്തിരുന്ന പത്രത്തിന്റെ ഞായറാഴ്ചപ്പതിപ്പിലാണ് അച്ചടിച്ചത്. കാൽ നൂറ്റാണ്ടുപോലും തികയ്ക്കാത്ത ജീവിതാനുഭവങ്ങളെ വിശ്വസിച്ചുകൊണ്ട് അങ്ങനെയൊന്നും ചിന്തിക്കാനേ പാടില്ലായിരുന്നു എന്ന് അതു വായിച്ച മുതിർന്നവരെല്ലാം പറഞ്ഞു. പത്രാധിപർ ക്യാബിനിലേക്കു വിളിച്ച് ചില ഉപദേശങ്ങളൊക്കെ തന്നു. അവരെയൊന്നും മുഖവിലയ്ക്കെടുത്തതേയില്ല. പ്രായമാണ് ജീവിതം വിലയിരുത്താനുള്ള മാനദണ്ഡമെങ്കിൽ എന്റെ കിഴക്കേലെ എൺപതുകാരനായ തെങ്ങുകയറ്റത്തൊഴിലാളി കുട്ടപ്പനപ്പാപ്പനാണ് ഏറ്റവും യോഗ്യനെന്നും ചിലരോടു പറഞ്ഞു. കാലം കടന്നുപോയി. അറിഞ്ഞും അറിയാതേയും അരനൂറ്റാണ്ടിലേറെ നടന്നു തീർത്തിരിക്കുന്നു. ആ വഴിയിലേക്ക് തിരിഞ്ഞു നോക്കിയപ്പോൾ ചില തിരിച്ചറിവുകളുണ്ടായി. ആയിരത്തി തൊള്ളായിരത്തി എൺപതിലെ ആളുടെ തുടർച്ചയായ രണ്ടായിരത്തി പതിനേഴിലെ ഞാൻ മറ്റൊരു മനുഷ്യനായിരുന്നു. ആ മറ്റൊരാളാണ് ചില വികാരങ്ങൾ തീരെ പ്രസക്തിയില്ലാത്തവണ്ണം പഴകിയിരിക്കുന്നു എന്ന് കണ്ടെത്തിയത്. അങ്ങനെയാണ് 'ചില പ്രാചീനവികാരങ്ങൾ' എന്ന കഥയുടെ തുടക്കം. അത് അത്രയ്ക്ക് ബാധിച്ചതിനാലാകണം രണ്ടു വർഷം കഴിഞ്ഞപ്പോൾ അതേപേരിൽ രണ്ടാമത് ഒരുവട്ടം കൂടി എഴുതിയത്.

എൺപതിലെ ലേഖനത്തെ കുറ്റപ്പെടുത്തിയ മുതിർന്ന മനുഷ്യരിൽ ആരും തന്നെ ഇന്നില്ല. അവരും കൂടിച്ചേർന്നു രൂപപ്പെടുത്തിയ ഈ ലോകത്തിൽ അവരില്ലാത്ത കുറേ കാലം കൂടി ഞാൻ ജീവിച്ചു. ഇപ്പോൾ അവരെന്നെ കണ്ടാൽ എന്തായിരിക്കും പറയുക എന്ന് കൗതുകത്തോടെ ആലോചിക്കുകയാണ്. എൺപതിൽ യുവാവായിരുന്ന നീ കൂടുതൽ നിരാശനായല്ലോ, ഞങ്ങളുടെ ശ്രമങ്ങൾ കൂടി നീ പാഴാക്കിയല്ലോ എന്നായിരിക്കുമോ, അതോ നീ സത്യത്തോട് കൂടുതൽ അടുക്കുകയായിരുന്നു എന്നായിരിക്കുമോ...

അറിയില്ല. അതെന്തായാലും പഴകിപ്പോയതും ഇനി അത്യാവശ്യമില്ലാത്തതും അഥവാ ആവശ്യം വന്നാൽത്തന്നെ കാലഹരണപ്പെട്ട ചില മനുഷ്യർ മാത്രം കൊണ്ടു നടക്കുന്നതുമായ ചില വികാരങ്ങളെക്കുറിച്ച് വ്യാകുലപ്പെടാൻ തുടങ്ങിയിട്ട് കുറേക്കാലമായി. കൃത്യമായിപ്പറഞ്ഞാൽ കാലങ്ങൾക്കു മുമ്പ് തൃശ്ശിനാപ്പിള്ളിയിൽ നിന്നു കള്ളവണ്ടി കേറി എറണാകുളത്തിറങ്ങി പിന്നെയങ്ങോട്ട് തനിമലയാളിയായി മാറിയ സന്ധ്യാവ്, ദൊരൈരാജ്, ഐസ് എന്നീ പേരുകളിലറിയപ്പെട്ട, നെഞ്ചു നിറയെ ഹൃദയുമുണ്ടായിരുന്ന ആ മനുഷ്യൻ, എന്റെ അപ്പൂപ്പൻ കൊച്ചിയിലെ മണ്ണിലേക്കു മടങ്ങിയതിനു ശേഷം... നേരിയ വികാരങ്ങളെ തീരെ ആവിഷ്കരിക്കാത്ത ആ മുഖം എന്റെ മുഖവുമായി ലയിക്കാൻ പോകുന്നതിനാലാകുമോ ഇത്തരം ചിന്തകൾ വിടാതെ പിടികൂടുന്നത്... അറിയില്ല, എന്തായാലും ചില പ്രാചീന വികാരങ്ങൾ ഞാൻ വീണ്ടും ചെറിയ മാറ്റങ്ങളോടെ എഴുതുകയാണ്.

പി. എഫ്. മാത്യൂസ്

# ചില പ്രാചീന വികാരങ്ങൾ

എൺപത്തെട്ടു വയസ്സുള്ള മനുഷ്യൻ മതിലിനു മുകളിൽ നിന്നു വീണു മരിച്ചു.

ഫോണിൽ കേട്ട വിവരങ്ങളെല്ലാം കുറിച്ചെടുത്ത് സർക്കിൾ ഇൻസ്പെക്ടർ നകുലൻ ആലോചനയോടെ ഇത്തിരി ഇരുന്നു. ഇത്രയും പ്രായമുള്ള മനുഷ്യൻ എന്തിനാകും അതിരാവിലെ മതിലിൽ കയറിയത്. എല്ലാവർക്കും മരിക്കാനൊരു കാരണം വേണമല്ലോ എന്നു മനസ്സിൽ പറഞ്ഞ് അയാൾ വണ്ടിയെടുത്ത് പുറപ്പെട്ടു. വളരെ വിരസമായൊരു ദിനചര്യയുടെ തുടക്കമാണിതെന്ന കാര്യത്തിലയാൾക്ക് സംശയമുണ്ടായിരുന്നില്ല.

കിഴവൻ വീണപടി അനക്കമറ്റ് കിടക്കുന്നുണ്ട്. ആശുപത്രിയിൽ കൊണ്ടുപോകാൻ പോലും ആരും മെനക്കെട്ടിട്ടില്ല. നന്നേ മെലിഞ്ഞ് ദുർബ്ബലനാണയാൾ. തലയുടെ പിൻഭാഗത്തുള്ള മുറിവല്ലാതെ ശരീരത്തിന് മറ്റു കേടുപാടുകളൊന്നും ഉണ്ടായിട്ടില്ല. പ്രാഥമിക നടപടിക്രമങ്ങളെല്ലാം ചിട്ടപ്പടി പൂർത്തിയാക്കി, മൃതദേഹം എടുക്കാനുള്ള ഏർപ്പാടുകൾ ചെയ്തു. പരേതന്റെ ബന്ധുക്കളെ ചോദ്യം ചെയ്യാൻ തുടങ്ങുമ്പോൾ തീവ്രമായ വികാരപ്രകടനങ്ങൾ പ്രതീക്ഷിച്ചിരുന്നുവെങ്കിലും അതിവിടെ ഉണ്ടായില്ലെന്നത് നകുലൻ ശ്രദ്ധിച്ചു. വിദ്യാഭ്യാസമുള്ളവരായതിനാൽ വിദഗ്ധമായി നിർമ്മിച്ചെടുത്ത നുണകൾ കേൾക്കാനായി തയ്യാറെടുത്താണ് വിശാലമായ തൊടിയിലെ ഈർത്ത മണ്ണിനെ ചുവപ്പിച്ച ചാമ്പച്ചോട്ടിലെ കസേരയിൽ അയാൾ ഇരുന്നത്. മരിച്ചയാളുടെ അനിയനും ഗണിതശാസ്ത്രാദ്ധ്യാപകനുമായിരുന്ന അറുപത്തിയാറുകാരനെ ചോദ്യം ചെയ്തു തുടങ്ങിയപ്പോൾത്തന്നെ അയാളുടെ കണക്കു കൂട്ടലുകൾ തെറ്റി. സാധാരണഗതിയിൽ സംസാരത്തിലേർപ്പെടുമ്പോൾ എതിരേയിരിക്കുന്ന ആൾ പറയുന്നതല്ല നമ്മൾ കേൾക്കുന്നത്. നമുക്കു വേണ്ട കാര്യങ്ങൾ നിർമ്മിച്ചെടുക്കുകയാണ് പതിവ്. തുടക്കത്തിലേ അതു പിഴച്ചു. എല്ലാ വസ്തുതകളും വികാരങ്ങളില്ലാതെ പറയുന്ന ഒരു ശൈലിയായിരുന്നു ആ മുൻ അദ്ധ്യാപകന്റേത്. ഗണിതശാസ്ത്രത്തിന് അവശ്യം വേണ്ട സങ്കീർണ്ണതകളെപ്പോലും അദ്ദേഹം വിലകല്പിക്കുന്നതായി തോന്നിയില്ല. റിട്ടയേഡ് പ്രൊഫെസറിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ഏതാണ്ട് ഇപ്രകാരം സംഗ്രഹിക്കാം.



1. മരിച്ചയാളുടെ പേര് ഗോപാലകൃഷ്ണ ഗോഖലെ എന്നായിരുന്നു. (ചരിത്ര പുരുഷന്റെ പേര് അയാൾക്കു മാത്രമല്ല അനിയനും അനിയത്തിക്കുമുണ്ടായിരുന്നു. സ്റ്റാലിൻ എന്നായിരുന്നു അനിയന്റെ പേര്. അനിയത്തി സരോജിനി നായിഡുവും.)

2. മരിക്കുന്നതിനു ആറുമാസം മുമ്പ് ഗോഖലേയുടെ വിവാഹമോചനം നടന്നിരുന്നു.

3. രാജ്യത്തിനു സ്വാതന്ത്ര്യം കിട്ടിയതിന്റെ പിറ്റേമാസം കൃഷ്ണമ്മ എന്ന സ്ത്രീയെ കല്യാണം കഴിക്കുകയും തുടർന്ന് അറുപത്തിയാറു വർഷം ഒന്നിച്ചു ജീവിക്കുകയും ചെയ്തുവെങ്കിലും അവർക്കു മക്കളുണ്ടായിരുന്നില്ലെന്നു മാത്രമല്ല അവർ തീരെ സ്നേഹത്തിലുമായിരുന്നില്ല.

4. ബന്ധുക്കളോടും മതിൽക്കെട്ടിനു പുറത്തുള്ള സമൂഹത്തോടുമുള്ള വെറുപ്പാണ് അവരെ ഇത്രയും കാലം ഒരുമിച്ചു ജീവിക്കാൻ പ്രേരിപ്പിച്ചത്. അവർക്കു ശത്രുക്കളുമുണ്ടായിരുന്നില്ല.

കണക്കുമാഷിന്റെ വിവരണം പിരിമുറുക്കവും നാടകീയതയുമില്ലാത്ത, സർക്കാർ ഗസറ്റിനേക്കാളും വിരസമായിരിക്കുന്നുവെന്നു കണ്ട് നകുലൻ സ്റ്റാലിനെ വിട്ട് സരോജിനി നായിഡുവിനെ ആ കസേരയിലിരുത്തി. അവരെ നന്നായി പഠിക്കുകയാണെന്ന ഭാവത്തിൽ ഒന്നും പറയാതെ കുറച്ചു നേരം നോക്കിയിരുന്നു. പോലീസുകാരുടെ അത്തരം നോട്ടമേറ്റാൽ സാധാരണ ഗതിയിൽ സാക്ഷികളും പ്രതികളും ദുർബ്ബലരാകാറുണ്ട്. എന്നാൽ അറുപതു വയസ്സു പിന്നിട്ട സരോജിനി നായിഡുവിനു വലിയ ഭാവമാറ്റമൊന്നും കണ്ടില്ല. ഗത്യന്തരമില്ലാതെ നകുലൻ ഒരു ചോദ്യം മുന്നിലിട്ടുകൊടുത്തു. ഒന്നിച്ചു കഴിഞ്ഞിരുന്ന സഹോദരനും ഭാര്യയും അറുപത്തിയാറു വർഷത്തിനു ശേഷം പിരിഞ്ഞതെന്തുകൊണ്ടാണ്?

‘ഏട്ടനാണേറ്റവും മൂത്തത്... ഞങ്ങൾ രണ്ടു പേർക്കും ഉത്തരേന്ത്യയിലാരുന്നു ജോലി... തറവാട്ടു വീട്ടിൽ ജീവിച്ചിരുന്ന കാലത്ത് വയ്യാത്ത ഞങ്ങടെ അമ്മയെ സ്വാധീനിച്ച് മുഴുവൻ സ്വത്തും ഏട്ടൻ സ്വന്തമാക്കിക്കളഞ്ഞു.’

‘ഗോഖലേക്ക് കഷ്ടപ്പാടായിരുന്നോ...’

‘ഹേയ്... നല്ല വരുമാനമുണ്ടായിരുന്നു... പരിസരങ്ങളിലായി കുറേ പറമ്പു മേടിച്ചു കൂട്ടിയിട്ടുണ്ട്... അതുകൊണ്ടൊന്നും വല്ല്യ കാര്യമുണ്ടായിട്ടല്ല... വെറുതെ...’

‘നിങ്ങൾക്കവകാശപ്പെട്ട തറവാട്ടു സ്വത്ത് തിരിച്ചു ചോദിച്ചില്ലേ...’

‘അതേക്കുറിച്ചു സംസാരിച്ചു തുടങ്ങുമ്പോൾ ഏട്ടൻ മിണ്ടാവ്രതത്തിലേക്കു പോകുമായിരുന്നു...’

‘ഓ...’

‘ഞങ്ങളിവിടേക്കു മടങ്ങി വന്നപ്പോ ഏട്ടൻ അവശതേലായിരുന്നു... ഏടത്തിയമ്മയ്ക്കാണേൽ നല്ല ആരോഗ്യവും... അവരുടെ വീട്ടിൽ കുറേ അംഗങ്ങളും അതിനൊപ്പം കഷ്ടപ്പാടുമുണ്ടായിരുന്നേ... ഏട്ടനെ കൊന്നിട്ട് കൃഷ്ണമ്മയും അവരുടെ ബന്ധുക്കളും ചേർന്ന് സ്വത്തു മുഴുവൻ തട്ടിയെടുക്കുമോന്നു ഞങ്ങൾ പേടിച്ചിരുന്നു.’

‘അപ്പോ ഈ വിവാഹമോചനത്തിനു പിന്നിൽ നിങ്ങളായിരുന്നോ?’

‘അതെ. എല്ലാം വിട്ടു പിരിഞ്ഞുപോകാമെങ്കിൽ രണ്ടു സെന്റ് പറമ്പിൽ ഒരു പുരയിടം വച്ചു കൊടുക്കാമെന്നു ഞങ്ങൾ ഒരോഫർ കൊടുത്തു.’

‘അവർ സമ്മതിച്ചോ?’

‘ആദ്യം അവരൊന്നും മിണ്ടിയില്ല. അതോണ്ടു സ്റ്റാലിൻ ചേട്ടനൊന്നു പേടിപ്പിച്ചു.’

‘അതെങ്ങനെ?’

‘ഞങ്ങടെ ഓഫറിനു വഴങ്ങിയില്ലെങ്കിൽ അവരെ തെളിവില്ലാതെ കൊന്നുകളയാൻ ധാരാളം വഴികളുണ്ടെന്നു ബോധ്യപ്പെടുത്തി.’

‘ഓ...’

‘പക്ഷേ, അതൊന്നും വേണ്ടി വന്നില്ല. വിവാഹമോചനത്തേക്കുറിച്ച് പറഞ്ഞ ദിവസം തന്നെ അവരു വീടു വിട്ടിറങ്ങിപ്പോയി. മ്യൂച്ചൽ എഗ്രിമെൻറിൽ ഒപ്പു വച്ച്, ഞങ്ങടെ ചില്ലിക്കാശു പോലും വേണ്ടെന്നു പറഞ്ഞാണ് പോയത്...’

‘വിശ്വസിക്കാൻ പ്രയാസമുണ്ട്...’

‘കൃഷ്ണമ്മയുടെ ഫോൺ നമ്പർ തരാം. വിളിച്ചു ചോദിച്ചോളൂ...’

‘എന്നിട്ട് നിങ്ങൾ ഗോഖലെയെ മതിലിനു മുകളിൽ നിന്നു തള്ളി താഴേയിട്ടു കൊന്നു അല്ലേ...’

‘അല്ല... അതിനു കാരണം വേറെയാണ്... അതറിഞ്ഞപ്പോഴാണ് എന്തുകൊണ്ടാണ് കൃഷ്ണമ്മ ഇത്ര എളുപ്പത്തിൽ വിട്ടുപോയതെന്നുപോലും മനസ്സിലായത്...’

‘അതെന്തായിരുന്നു?’


‘മറവിരോഗം.’

‘കൃഷ്ണമ്മ പോയതിനു ശേഷം മാത്രമാണ് ഞങ്ങളീ വീട്ടിലേക്കു വന്നു തുടങ്ങിയത്. ആ ചെറിയ വരവിനും പോക്കിനുമിടയിൽ കാര്യമായൊന്നും പിടികിട്ടിയതുമില്ല.’

‘പിന്നെ എപ്പോഴാണ് നിങ്ങളതു മനസ്സിലാക്കിയത്?’

‘മൂന്നുമാസം മുമ്പ് അയലത്തെ വീട്ടിൽ നിന്നൊരാൾ വിളിച്ചിട്ട് വീട്ടിൽ നിന്നു പുകവരുന്നുണ്ടെന്നു പറഞ്ഞു. ഞങ്ങളു വന്നു നോക്കിയപ്പോ ഏട്ടന്റെ കിടപ്പു മുറിയിലെ പ്രമാണങ്ങൾ വച്ചിരുന്ന കരിവീട്ടിയുടെ പെട്ടിയും കിടക്കയുമെല്ലാം കത്തി നശിച്ചിരുന്നു. ആ മുറി മുഴുവൻ മറ്റേതോ ലോകം പോലെ കരിഞ്ഞിരുന്നു. ചുമരൊക്കെ കറുത്ത ചൊറി പോലെ ചുളുങ്ങിക്കൂടി...’

‘അപ്പോ ഗോഖലെ...’



‘ഏട്ടൻ അടുക്കളയുടെ പാത്യമ്പുറത്തു കിടന്നുറങ്ങുകയായിരുന്നു... കിടപ്പുമുറിയും അടുക്കളയും മാറിപ്പോയതായിരിക്കുമെന്നാണ് തോന്നിയത്... കത്തിക്കരിഞ്ഞ ആ കിടപ്പുമുറി കണ്ടപ്പോൾ അതൊരു ബഹിരാകാശക്കപ്പലാണെന്നാണ് ഏട്ടൻ പറഞ്ഞത്... അതീ കേറി വേറൊരു ടൈം സോണിലേക്കു പോകയാണത്രേ...’

‘മനസ്സിലായില്ല...’

‘ഈ ലോകത്തും കാലത്തും ജീവിച്ചു മടുക്കുമ്പോ നമ്മളെല്ലാം ആഗ്രഹിക്കാറില്ലേ കഴിഞ്ഞുപോയ കാലത്തിലേക്കോ വരാനിരിക്കുന്ന കാലത്തിലേക്കോ മറ്റോ പോണോന്ന്... ഏട്ടന്റെ ശ്രമം അതിനായിരുന്നുവെന്നാണ് എനിക്കു തോന്നിയത്...’

ലാന്റ് സർവ്വേയറായിരുന്ന ഈ സ്ത്രീ മനപ്പൂർവ്വം ദുരൂഹതയിലേക്കു വഴി തിരിച്ചുവിടുകയാണെന്ന തോന്നലാണ് നകുലനുണ്ടായത്. അതുകൊണ്ടു തന്നെ സൂക്ഷ്മം അവിടെ വെച്ച് ചോദ്യം ചെയ്യലവസാനിപ്പിക്കുകയാണ് ബുദ്ധിയെന്ന് അയാൾ വിചാരിച്ചു. എന്നാൽ സരോജിനി നായിഡു നിർത്താൻ ഭാവമുണ്ടായിരുന്നില്ല.

‘പക്ഷേ, ഏട്ടന്റേത് മറവിരോഗം തന്നെയായിരുന്നു.’

നകുലന്റെ ചിന്തകൾ വായിച്ചറിഞ്ഞ ഒരാളേപ്പോലെ യുക്തിബോധമുള്ള ഒരു സാധാരണക്കാരിയായി മാറിക്കൊണ്ടവർ തുടർന്നു.

‘ഏട്ടനെ സഹായിക്കാൻ ശ്രമിച്ചുവെങ്കിലും എന്തെങ്കിലും ചെയ്യാൻ പറ്റുന്നതിലും അപ്പുറത്തേക്ക് കാര്യങ്ങൾ പോയിരുന്നു.’

‘എന്നിട്ട്?’

‘നല്ല പരിശീലനം കിട്ടിയ ഒരു നഴ്സിനെ ഏർപ്പാടാക്കി... പക്ഷേ, അതും ശരിയാവണില്ലായിരുന്നു. അപ്പോഴാണ് അബദ്ധം തിരിച്ചറിഞ്ഞത്. കുറച്ചു സ്വത്തിനു വേണ്ടി കൃഷ്ണമ്മയെ പിണക്കി അയക്കേണ്ടിയില്ലായിരുന്നു. എല്ലാ ബന്ധങ്ങളും കുറേ കഴിയുമ്പോൾ ചീഞ്ഞഴുകും എന്നാലും സ്വയം വളമായി അതങ്ങനെ തുടർന്നു പോകയാണല്ലോ പതിവ്. ഞങ്ങളവരെ പറിച്ചു നട്ടിടത്താണ് എല്ലാം കുഴപ്പമായത്... ഏട്ടൻ ഞങ്ങൾക്ക് രണ്ടാൾക്കും പരിഹരിക്കാനാകുന്നതിലും വലിയൊരു സങ്കീർണ്ണതയായി മാറിക്കൊണ്ടിരുന്നു.’

‘അതെന്താ... നഴ്സ് ഏട്ടനെ നോക്കിയില്ലേ?’

‘ഉവ്വ്... അയാളൊരു പാവത്താനായിരുന്നു. ഒരു ദിവസം നാലോ അഞ്ചോ വട്ടം വിളിച്ച് ഏട്ടനുണ്ടാക്കുന്ന ഓരോ പ്രശ്നങ്ങളേക്കുറിച്ചു പറയുകയും ഞങ്ങളതിനു പരിഹാരമുണ്ടാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. ഒടുവിൽ സഹികെട്ട് അയാളെ പറഞ്ഞുവിടുന്നതിനേക്കുറിച്ചാലോചിക്കുമ്പോഴാണ് ശമ്പളം പോലും വാങ്ങാതെ അയാൾ കടന്നു കളഞ്ഞത്.’

‘എന്നിട്ട്?’

‘ഫലത്തിൽ ഒരു തോൽവിയാണെന്നറിയാമെങ്കിലും ഞങ്ങൾ കൃഷ്ണമ്മയെ കാണാൻ ചെന്നു... പക്ഷേ, അവർ വളരെ വിചിത്രമായാണ് പെരുമാറിയത്... യാതൊരു വികാരവുമില്ലാതെ ഞങ്ങളെ ഇറക്കിവിട്ടു. കൃഷ്ണമ്മ ആവശ്യപ്പെടുന്നതെന്തും കൊടുക്കാൻ തയ്യാറായിരുന്നുവെങ്കിലും അവർ ഞങ്ങളെ നോക്കാനോ കേൾക്കാനോ ഇഷ്ടപ്പെട്ടില്ല.’

‘പിന്നെ വേറെ നഴ്സിനെ നിയമിച്ചില്ലേ?’

‘ഉവ്വ്... അയാളും ആദ്യത്തെയാളെപ്പോലെ തന്നെ ഞങ്ങളെ എന്നും ഫോൺ ചെയ്യുകയും അലട്ടിക്കൊണ്ടിരിക്കുകയുമൊക്കെ ചെയ്തുകൊണ്ടിരുന്നു. ഒരു ദിവസം അയാൾ പണം കണക്കു പറഞ്ഞു മേടിച്ച് ഇറങ്ങിപ്പോയി...’

‘ഇതെല്ലാം ഈ കുറഞ്ഞ കാലംകൊണ്ട് സംഭവിച്ചതല്ലേ...’

‘അതെ. പ്രശ്നം തീരാത്തതിനാൽ ഞങ്ങൾ പിന്നേയും പുതിയൊരാളെ കിട്ടാൻ ശ്രമിച്ചുകൊണ്ടിരുന്നു. അങ്ങനെയിരിക്കെ ദീർഘകാലം സർക്കാരാസ്പത്രിയിൽ ഹെഡ് നഴ്സായിരുന്ന ഒരു സ്ത്രീയെ കണ്ടെത്തി. അവർ ശമ്പളത്തിനുവേണ്ടി തർക്കിക്കുകയൊന്നും ചെയ്തില്ല. ജോലിക്കിടയിൽ പരാതികളും പറഞ്ഞില്ല... അവരാകെ ഫോൺ വിളിച്ചത് ഒരിക്കൽ മാത്രമാണ്...’

‘എപ്പോൾ?’

‘ഇന്ന് വെളുപ്പിന്... ഏട്ടൻ മതിലീന്നു വീണുവെന്നു പറയാൻ വേണ്ടി.’

‘ഓ...’

ഇൻസ്പെക്ടർ നകുലൻ സരോജിനി നായിഡു ചൂണ്ടിയ വിരലിന്റെ ദിശയിലേക്കു നോക്കിയപ്പോൾ ഇത്തിരി മാറി മതിലിൽ ചാരി നഖം വെട്ടിക്കൊണ്ടിരുന്ന ഒരു സ്ത്രീയെ കണ്ടു. അവരുടെ മുഖം ചുളിഞ്ഞിരുന്നുവെങ്കിലും നല്ല ആരോഗ്യവതിയായിരുന്നു. ഇന്നു കണ്ട സഹോദരീസഹോദരന്മാരേപ്പോലെ ആ മുഖവും നിർവ്വികാരമായിരുന്നു. അവർക്കാകെ പറയാനുണ്ടായിരുന്നത് ഇത്രമാത്രം.

അടുക്കളയിൽ ഗോഖലേക്കു വേണ്ടി ആഹാരം പാകം ചെയ്യുകയായിരുന്നു. മുൻ വാതിൽ അടച്ചിട്ടുമുണ്ടായിരുന്നു. ഇതിനിടയിൽ പിൻവാതിലിലൂടെ അയാളിറങ്ങിപ്പോയതും മതിലിനുമുകളിൽ കയറിയതും വീണു മരിച്ചതും അവരറിഞ്ഞില്ല. കാപ്പിയുമായി ചെന്നപ്പോഴാണ് ഇതെല്ലാം കണ്ടെത്തിയതും ഒരു നൊടി പോലും വൈകാതെ ആങ്ങളയേയും പെങ്ങളേയും വിളിച്ച് കാര്യം പറഞ്ഞതും.



പോലീസ് സ്റ്റേഷനിലെ ടൂവാല വിരിച്ച മരക്കസേരയിൽ ചാരിയിരിക്കുമ്പോൾ ഇൻസ്പെക്ടർ നകുലൻ രണ്ടു കാര്യങ്ങളാണ് ആലോചിച്ചത്. അതിലൊന്ന് കാലങ്ങൾക്കു മുമ്പ് അയാളുടെ ആദ്യ നിയമനത്തിന്റെ തുടക്കത്തിൽ ഒരു വൃദ്ധനായ സംഗീതാദ്ധ്യാപകൻ കാണാൻ വന്നതായിരുന്നു. ഏതോ ഒരു ക്രിസ്ത്യാനി വിശുദ്ധന്റെ മുഖവും പ്രസന്നതയുമുള്ള അയാളുടെ കൈവശം വയലിൻ സൂക്ഷിക്കുന്ന കറുത്ത തുകൽ കേസും തോൽ സഞ്ചിയും ഒരു കാലൻ കുടയുമുണ്ടായിരുന്നു. പോലീസ് സ്റ്റേഷനോടു തൊട്ടുള്ള സബ് ജെയിൽ കെട്ടിടത്തിലെ അരയാൽ തണലേറ്റു കിടക്കുന്ന മുറിയിലേക്കു നോക്കി സൗന്ദര്യാരാധകനേപ്പോലെ കുറേനേരം അയാൾ നിന്നു. പിന്നെ ഓഫീസ് മുറിയിലേക്കു കയറിവന്ന് തനിക്കു താമസിക്കാൻ അരയാലിന്റെ തണലുള്ള ആ ജെയിൽമുറി കിട്ടിയാൽ കൊള്ളാമെന്ന വിചിത്രമായൊരാഗ്രഹം മുന്നോട്ടു വച്ചു. വൃദ്ധൻ മനോരോഗിയായിരിക്കുമെന്നാണ് നകുലൻ കരുതിയത്. അന്ന് ജോലിയുടെ ശീലങ്ങളൊന്നും പഠിച്ചു തുടങ്ങിയിട്ടില്ലാത്തതിനാൽ കസേരയിലിരുത്തി സ്നേഹം കലർന്ന സ്വരത്തിൽ കുട്ടികളോടെന്ന പോലെ വൃദ്ധനോടു പറഞ്ഞു.

‘കുറ്റം ചെയ്യുന്നവരെ മാത്രമേ ജെയിലിൽ താമസിപ്പിക്കാനാകൂ... താങ്കൾ കുറേകാലം മ്യൂസിക് ടീച്ചറായിരുന്നയാളല്ലേ ഞാൻ പറയാതെ തന്നെ ഇതൊക്കെ അറിയാമായിരിക്കുമല്ലോ...’

അയാളുടെ മുഖത്ത് നേരിയൊരു മന്ദഹാസം കണ്ടത് ഇപ്പോഴുമോർക്കുന്നുണ്ട്. മനസ്സിലെ വികാരങ്ങളെല്ലാം അതിന്റെ സൂക്ഷ്മതയോടെ പ്രകടിപ്പിക്കാൻ കഴിവുള്ളൊരു മുഖമായിരുന്നു അത്. നകുലന്റെ വാക്കുകൾ കേട്ടിട്ടും അദ്ദേഹം പോകാൻ കൂട്ടാക്കിയില്ല. തുകൽക്കൂട്ടിലിട്ട വയലിൻ മേശപ്പുറത്തു വച്ച് ഒരു കുഞ്ഞിന്റെ ശവമഞ്ചത്തിലെന്ന പോലെ അതിൽ തലോടിയിട്ട് പറഞ്ഞു.

‘ഞാൻ കുറ്റം ചെയ്തവനാണെങ്കിലോ...’

‘വിശ്വസിക്കാൻ പ്രയാസമുണ്ട്...’ അപ്പോഴും മായാതെ അന്തരീക്ഷത്തിൽ തങ്ങിനിന്ന ആ വിശുദ്ധമായ പുഞ്ചിരി നോക്കിക്കൊണ്ട് നകുലൻ പറഞ്ഞു

മനസ്സിന്റെ ഇരുളേറിയ ആഴങ്ങളിൽ സങ്കടങ്ങൾ ഒളിപ്പിച്ച ഒരാളുടെ ചിരിയാണതെന്ന് നകുലൻ വിചാരിച്ചു. ആ ചിരിയുടെ തുടർച്ചയവസാനിച്ചപ്പോൾ കുറേ നേരം അയാൾ മൗനത്തിൽ അകപ്പെട്ടു. പിന്നെ ശേഷി സംഭരിക്കുന്നതുപോലെ പലവട്ടം ശ്വാസം അകത്തേക്കും പുറത്തേക്കുമെടുത്തു. എന്നിട്ട് പറയാൻ മറന്നുപോയാലോ എന്നു പേടിച്ച മട്ടിൽ പെട്ടെന്നു പറഞ്ഞു.

‘ഞാൻ ഒരാളെ സംസ്കരിച്ചിട്ടു വന്നിരിക്കയാണ്...’

‘അതൊരു കുറ്റമല്ലല്ലോ... മനുഷ്യൻ മരിച്ചാൽ സംസ്കരിക്കണ്ടേ...’

മറുപടി ആവശ്യമില്ലെങ്കിലും നകുലൻ അറിയാതെ പറഞ്ഞുപോയി. വൃദ്ധന്റെ മുഖം ഒന്നിരുണ്ടു. തീരെ നല്ലതല്ലാത്ത ഓർമ്മകളെ വകഞ്ഞുമാറ്റുന്നതു പോലെ ആലോചനയിൽപ്പെട്ടു. പിന്നെ പതുക്കെ പറഞ്ഞു.

‘ഞാനാണയാളെ കൊന്നത്...’

നകുലന് ഒന്നും കൂട്ടിയോജിപ്പിക്കാൻ പറ്റുന്നില്ലായിരുന്നു. അതുകൊണ്ടാകും അയാളെ അലട്ടാതെ, മിണ്ടാതെ കാത്തിരുന്നത്.

‘എന്റെ ശത്രുവൊന്നുമല്ല... സത്യം പറഞ്ഞാൽ എനിക്കേറ്റവും പ്രിയപ്പെട്ടയാളാണ്...’

‘ആരെ...’

‘എന്റെ ഭാര്യയെ...’

വല്ലാത്തൊരു പേടിയാണാ നിമിഷം നകുലനു തോന്നിയത്. അതുകൊണ്ടാണോ എന്നറിയില്ല ഒരക്ഷരം പോലും ഉരിയാടാൻ കഴിഞ്ഞില്ല.

‘കുഴപ്പക്കാരിയൊന്നുമല്ല... വളരെ നല്ലയാളാണ്... വയസ്സായി, കുറേ കാലമായിട്ട് മനസ്സിനു തീരെ സുഖമില്ലാരുന്നു. അവരെ അനുസരിപ്പിക്കാൻ വേണ്ടി മക്കൾ കൈവച്ചു തുടങ്ങി...’

ചെറിയൊരു മൗനത്തിനു ശേഷം അയാൾ തുടർന്നു.

‘ഇനി കുഴപ്പമില്ല... മരിച്ചല്ലോ...’

നകുലനു മറുപടിയുണ്ടായിരുന്നില്ല. ജെയിലിലെ അരയാൽ തണലിലെ മുറി ചൂണ്ടി വൃദ്ധൻ വിശുദ്ധമായ പുഞ്ചിരിയോടെ തുടർന്നു

‘ഇനി എനിക്കവിടെ താമസിക്കാല്ലോ...’

വളരെ പ്രചീനമായിത്തീർന്ന വികാരങ്ങളെ മനുഷ്യർ ചുമന്നു നടക്കുന്നതെന്തു കൊണ്ടാകും. നകുലൻ ആലോചിച്ചു. കുറേ കാലങ്ങൾക്കു ശേഷം പിന്നേയും അയാൾക്ക് അതേക്കുറിച്ചാലോചിക്കേണ്ടി വന്നു.

ദൂരെ, മലഞ്ചെരിവിലെ കാടിനരികിലുള്ള ചെറു വീട്ടിൽ അയാളുടെ അമ്മ തനിച്ചു കഴിയുകയായിരുന്നു. കുറുക്കന്മാരും കാട്ടാനകളും കടന്നു പോകുന്ന ഇടമാണെങ്കിലും താൻ വളരെ തൃപ്തിയോടെയാണവിടെ ജീവിക്കുന്നതെന്നു ബോധ്യപ്പെടുത്താൻ വേണ്ടി ഓരോ കൂടിക്കാഴ്ചയിലും വളരെ കരുതലോടെയാണമ്മ സംസാരിച്ചിരുന്നത്. അതുകൊണ്ടുതന്നെ കാണാൻ പോകുമ്പോഴെല്ലാം മനസ്സാക്ഷിക്കുത്തോടെ ടൗണിലെ തന്റെ ഫ്ലാറ്റിൽ വന്നു താമസിക്കാനായി നകുലൻ അമ്മയെ ക്ഷണിച്ചു. ഓരോ തവണ വിളിക്കുമ്പോഴും അങ്ങനെയൊന്ന് കേട്ടിട്ടേയില്ലെന്ന മട്ടിൽ മറ്റെന്തെങ്കിലും വിശേഷം പറഞ്ഞ് അമ്മ അയാളുടെ ശ്രദ്ധ തിരിച്ചിരുന്നു. പരസ്പരം അറിയാവുന്ന രണ്ടു മുതിർന്ന മനുഷ്യർക്കിടയിലെ കളി പോലെ കാലങ്ങളോളം അതങ്ങനെ തുടർന്നു. പിന്നീടെപ്പോഴോ അയാളൊരു കാര്യം കണ്ടെത്തി. വീടിനുള്ളിലൂടെ നടക്കുമ്പോൾ പോലും അമ്മ തട്ടി വീഴുന്നുണ്ട്... അവരുടെ കാഴ്ച തീർത്തും ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്... പഴകിയ വികാരങ്ങൾ ആസകലം മനസ്സിനെ ബാധിച്ച ഒരു നാൾ ഭാര്യയുടേയും മക്കളുടേയും എതിർപ്പുകൾ അവഗണിച്ച് അയാൾ അമ്മയെ നഗരത്തിലേക്കു കൊണ്ടുവന്നു. ഫിഷ് ബൗളിലെ സ്വർണ്ണ മത്സ്യങ്ങളെ പോലെ ഭാര്യയും രണ്ടു പെൺ മക്കളും കഴിയുന്ന നഗരത്തിലെ ഫ്ലാറ്റിലേക്ക് അമ്മയെ പറിച്ചു നടുമ്പോൾ മറ്റൊന്നിനേക്കുറിച്ചും അയാൾ ചിന്തിച്ചില്ല. ചെളിയിൽ കഴിഞ്ഞ തോട്ടുമീനിനെ കരയ്ക്കിട്ടതു പോലെ എന്നു പോലും പറയാനൊക്കില്ല ഒന്നു പിടയുക പോലും ചെയ്യാതെ വളരെ പെട്ടെന്ന് അമ്മ മരിച്ചു പോയി. കുളിപ്പിച്ചിട്ടും പൗഡറിട്ടിട്ടും അമ്മയുടെ മുഖത്തെ നീല നിറം മായുന്നില്ലെന്നു കണ്ട് കുറ്റാന്വേഷകന്റെ കണ്ണുകളോടെ അയാൾ ഭാര്യയെ നോക്കിയെങ്കിലും അവൾ നിസ്സാരമായി മുഖം വെട്ടിച്ച് കടന്നു പോകുകയാണുണ്ടായത്. തുടർന്നു ശവം കാണാൻ വന്ന സൂക്ഷ്മദൃഷ്ടികളായ പലരും ഇക്കാര്യം സ്വകാര്യമായി പരസ്പരം പറഞ്ഞുവെങ്കിലും പോലീസുകാരനായ മകന്റെ മുന്നിൽ അവതരിപ്പിക്കാനൊന്നും പോയില്ല. അല്ലെങ്കിലും ഇന്നത്തെ കാലത്ത് ആരാണിതൊക്കെ അത്ര ഗൗരവത്തിലെടുക്കുന്നത്.

മതിലിൽ നിന്നു വീണ ഗോപാലകൃഷ്ണ ഗോഖലെ എന്ന പടുവൃദ്ധന്റെ മരണം തികച്ചും സ്വാഭാവികമായിരുന്നുവെന്ന റിപ്പോർട്ടിന് അടി വരയിട്ട് ഫയൽ മടക്കുമ്പോൾ നകുലൻ ഇപ്രകാരം ചിന്തിച്ചു:

ചില തരം വികാരങ്ങൾ കലവറയിലെ പൊടിപിടിച്ച അലമാരകളിലിരിക്കുന്നതു നല്ലതു തന്നെയാണ്... പഴയ മനുഷ്യർക്ക് അതിലേക്ക് നോക്കി ഒന്നു നെടുവീർപ്പയച്ച് ഊർജ്ജം സംഭരിച്ച് മുന്നോട്ടു പോകാൻ അതു വേണ്ടതു തന്നെയാണ്.

□

## പി. എഫ്. മാത്യൂസ്



കൊച്ചി സ്വദേശി. നോവൽ, കഥ, തിരക്കഥ മാദ്ധ്യമങ്ങളിൽ സജീവം. ചാവുനിലം, ഇരുട്ടിൽ ഒരു പുണ്യാളൻ, കടലിന്റെ മണം (അച്ചടിയിൽ) എന്നീ നോവലുകളും തെരഞ്ഞെടുത്ത കഥകൾ, ചില പ്രാചീന വികാരങ്ങൾ, പതിമൂന്ന കടൽക്കാക്കകളുടെ ഉപമ തുടങ്ങിയ കഥാസമാഹാരങ്ങളും ഈ. മ. യൌ. എന്ന തിരക്കഥയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുത്രൻ, കുട്ടിസ്രാങ്ക്, ഈ. മ. യൌ., അതിരൻ എന്നീ ചലച്ചിത്രങ്ങൾക്കു തിരക്കഥയെഴുതി. ശരറാന്തൽ, മിഖായേലിന്റെ സന്തതികൾ, റോസസ് ഇൻ ഡിസംബർ, ചാരുലത, ദൈവത്തിന് സ്വന്തം ദേവൂട്ടി തുടങ്ങിയ ടെലിവിഷൻ പരമ്പരകളും രചിച്ചിട്ടുണ്ട്. കുട്ടിസ്രാങ്കിന്റെ തിരക്കഥയ്ക്ക് ദേശീയ അവാർഡും ശരറാന്തൽ, മിഖായേലിന്റെ സന്തതികൾ എന്നിവയുടെ രചനയ്ക്ക് സംസ്ഥാന അവാർഡും ലഭിച്ചു. എസ് ബി ഐ അവാർഡ് ചാവുനിലത്തിനും വൈക്കം മുഹമ്മദു ബഷീർ പുരസ്കാരം പതിമൂന്ന കടൽക്കാക്കകളുടെ ഉപമയ്ക്കും.

കലിഗ്രഫി: എൻ. ഭട്ടതിരി
ചിത്രങ്ങൾ: വി. പി. സുനിൽകുമാർ

RIVER VALLEY
DIGITAL LIBRARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച് അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014